**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1168** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കേച്ചേരി ജംഗ്ഷനിലുളള രൂക്ഷമായ ഗതാഗതക്കുരുക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ-ഗുരുവായൂർ റോഡിലെ പ്രധാനപ്പെട്ടതും ഏറ്റവും തിരക്കേറിയതുമായ കേച്ചേരി ജംഗ്ഷനിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്

**(ബി)** കേച്ചേരി ജംഗ്ഷൻ വികസനത്തിനായി നിലവിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതി, ഡി.പി.ആർ., എസ്റ്റിമേറ്റ് എന്നിവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേച്ചേരി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി, കിഫ്ബി പദ്ധതിയായ തൃശ്ശൂർ-കുറ്റിപ്പുറം റോഡ് വികസനത്തിന്റെ ഒന്നാം ഘട്ടമായി കേച്ചേരി ജംഗ്ഷൻ വികസനം വിഭാവനം ചെയ്തിട്ടുണ്ട്. തൃശ്ശൂർ-കുറ്റിപ്പുറം റോഡ് വികസനത്തിന് 10.07.2017 തീയതിയിലെ G.O(Rt) No.942/2017/PWD പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, 72 കോടി രൂപയുടെ DPR കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ നിർദ്ദേശപ്രകാരം DPR പരിഷ്കരിച്ച്, കേച്ചേരി ജംഗ്ഷൻ വികസനം മാത്രമായി 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ശേഷം, 20.12.2025 തീയതിയിലെ PWD015-98/APR-3/2025/KIIFB ഉത്തരവ് പ്രകാരം കേച്ചേരി ജംഗ്ഷൻ വികസനത്തിന്റെ ആദ്യഘട്ടമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി 126.00 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**(സി)** പദ്ധതിക്ക് ഭരണാനുമതി, സാങ്കേതികാനുമതി, സാമ്പത്തിക അനുമതി എന്നിവ ലഭിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** കേച്ചേരി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി, കിഫ്ബി പദ്ധതിയായ തൃശ്ശൂർ-കുറ്റിപ്പുറം റോഡ് വികസനത്തിന്റെ ഒന്നാം ഘട്ടമായി കേച്ചേരി ജംഗ്ഷൻ വികസനം വിഭാവനം ചെയ്തിട്ടുണ്ട്. തൃശ്ശൂർ-കുറ്റിപ്പുറം റോഡ് വികസനത്തിന് 10.07.2017 തീയതിയിലെ G.O(Rt) No.942/2017/PWD പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, 72 കോടി രൂപയുടെ DPR കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ നിർദ്ദേശപ്രകാരം DPR പരിഷ്കരിച്ച്, കേച്ചേരി ജംഗ്ഷൻ വികസനം മാത്രമായി 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ശേഷം, 20.12.2025 തീയതിയിലെ PWD015-98/APR-3/2025/KIIFB ഉത്തരവ് പ്രകാരം കേച്ചേരി ജംഗ്ഷൻ വികസനത്തിന്റെ ആദ്യഘട്ടമായ ഭൂമി

ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി 126.00 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**(ഡി)** ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

**മറുപടി:** റവന്യൂ വകുപ്പിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

**(ഇ)** കേച്ചേരി ജംഗ്ഷൻ വികസനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** റവന്യൂ വകുപ്പിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**